LIBRARY ARCHIVES Kerala Legislative Assembly

മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള വനപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സുരക്ഷിതത്വം

277 (3789) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വനപ്രദേശങ്ങളിലാണ് മാവോയിസ്റ്റ് സാന്നിദ്ധ്യം കണ്ടെത്തിയിട്ടുള്ളതെന്നും, ഏതൊക്കെ പ്രദേശങ്ങളിലാണ് വനം വകുപ്പിന്റെ ഓഫീസിനോ ഷെഡുകൾക്കോ നേരെ ആക്രമണം ഉണ്ടായിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ സുരക്ഷിതത്വത്തിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും ജീവനക്കാർക്ക് പ്രത്യേക റിസ്ക് അലവൻസ് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ എന്നും വിശദമാക്കാമോ;

(സി) മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള വനപ്രദേശങ്ങളായി കണ്ടെത്തിയ ഭാഗങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ജോലി സമയത്തിൽ എന്തെങ്കിലും ഇളവുകൾ നൽകുകയോ, ഇവിടെ കൂടുതൽ ജീവനക്കാരെ നിയോഗിച്ച് സുരക്ഷ ശക്തമാക്കുകയോ ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നോർത്തേൺ സർക്കിൾ കണ്ണൂർ, ഈസ്റ്റേൺ സർക്കിൾ പാലക്കാട് എന്നീ സർക്കിളുകളിലും വൈൽഡ്ലൈഫ് സർക്കിൾ പാലക്കാടും മാവോയിസ്റ്റ് സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത പ്രദേശത്ത് ജോലി ചെയ്യുന്ന ജീവനക്കാർക്ക് സുരക്ഷിതത്വത്തിനായി ആധുനിക ആയുധങ്ങളും ഉപകരണങ്ങളും വാങ്ങുക, ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുക തുടങ്ങിയ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് 1322/ഡി1/15/വനം നമ്പർ ഫയലിൽ തീരുമാനമെടുത്തു വരുന്നു.

(സി) മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള വനപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ജോലി സമയത്തിൽ ഇളവുകളൊന്നും നൽകിയിട്ടില്ല. ഇവിടെ കൂടുതൽ ജീവനക്കാരെ നിയോഗിക്കുകയോ ചെയ്തിട്ടില്ല. മാവോയിസ്റ്റ് ഭീഷണി തടയുന്നതിന്റെ ഭാഗമായി സർക്കാർ ഉത്തരവ് ജി.ഒ. (എം എസ്.) നം. 69/12/വനം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

21-6-2012 പ്രകാരം സ്റ്റേഷൻ/സെക്ഷൻ, റെയിഞ്ച്, ഡിവിഷൻ, ജില്ലാ തലങ്ങളിൽ വനമേഖലാ ജാഗ്രതാ സമിതികൾ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ആവശ്യാനുസരണം പോലീസ്, തണ്ടർ ബോൾട്ട് എന്നിവയുടെ സഹായം തേടാറുണ്ട്. ക്യാമറ, തോക്ക്, ആയുധങ്ങൾ, വാഹനങ്ങൾ, വയർലെസ് നെറ്റ്വർക്ക് എന്നിവ വാങ്ങുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

പാതയോരങ്ങളിലെ അപകടാവസ്ഥയിലുള്ള മരങ്ങൾ

278 (3790) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാന നിരത്തുകളിലെ അപകടാവസ്ഥയിലുള്ള മരങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏറ്റവും പ്രധാന വീഥികളിലെങ്കിലും ഇവ മുറിച്ച് മാറ്റി സുരക്ഷ ഉറപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) മുറിച്ച് മാറ്റുന്ന മരങ്ങൾക്ക്പകരമായി ഔഷധ വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കാനും പരിപാലിക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ പ്രധാന നിരത്തുകളിലെ അപകടാവസ്ഥയിലുള്ള മരങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ട്. മറ്റു ജില്ലകളിലെ കണക്കെടുപ്പ് ഉടൻതന്നെ പൂർത്തിയാക്കുന്നതാണ്.

(ബി) ജീവനും സ്വത്തിനും അപകടകരമായി നിരത്തുവക്കിൽ നിൽക്കുന്ന മരങ്ങളെ അതാതു സ്ഥാപന അധികാരികളിൽനിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധന നടത്തി ദ്രുതഗതിയിൽ മുറിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) 21-4-2010-ലെ ജി.ഒ. (ആർ റ്റി.) 172/2010/വനം പ്രകാരം മുറിച്ചു മാറ്റുന്ന ഓരോ മരങ്ങൾക്കും പകരമായി 10 മരങ്ങൾ നട്ടുപിടിപ്പിക്കണമെന്ന് നിഷ്കർച്ചിട്ടുണ്ട്. ഇപ്രകാരം നട്ടുപിടിപ്പിക്കുന്ന മരങ്ങളിൽ ഔഷധ വൃക്ഷങ്ങളും നട്ടുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly